# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 24 | |
|---|---|
| February 234 | 2020 |

**1193 കുംഭം 11 തിങ്കൾ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**വൈദ്യുതി അദാലത്ത് ഇന്ന് (25) മന്ത്രി എം.എം മണി ഉദ്ഘാടനം ചെയ്യും**

കെ.എസ്.ഇ.ബി പത്തനംതിട്ട ജില്ല വൈദ്യുതി അദാലത്ത് പത്തനംതിട്ട പോലീസ് സ്റ്റേഷൻ റോഡിലുള്ള മേരിമാതാ പാരിഷ്ഹാളിൽ ഇന്ന് (25) രാവിലെ 10ന് വൈദ്യുതി വകുപ്പു മന്ത്രി എം.എം. മണി ഉദ്ഘാടനം ചെയ്യും. വീണാ ജോർജ് എം.എൽ.എ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും.എം.എൽ.എമാരായ മാത്യു ടി.തോമസ്, രാജു എബ്രഹാം, ചിറ്റയം ഗോപകുമാർ, കെ.യു ജനീഷ്കുമാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി നൂഹ് തുടങ്ങിയവർ പ്രസംഗിക്കും. കെ.എസ്.ഇ.ബി ഉപഭോക്താക്കളുമായി ഊഷ്മളമായ ബന്ധം ഉറപ്പിക്കുന്നതിനായി വകുപ്പ് മന്ത്രി എം.എം. മണിയുടെ പ്രത്യേക നിർദേശ പ്രകാരമാണ് അദാലത്ത് നടത്തുന്നത്. അ ദാലത്തിൽ വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ തന്നെ വൈദ്യുതി സംബന്ധമായ വിവിധ വിഷയങ്ങളിൽ പൊതുജനങ്ങളുടെ പരാതി കേൾക്കുന്നതിനും അവ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും അവസരമൊരുക്കും.

(പിഎൻപി 827/2020)

**കോട്ടാങ്ങൽ ഗവൺമെന്റ് എൽ.പി സ്കൂൾ ശതാബ്ദി ആഘോഷം**
**മന്ത്രി സി. രവീന്ദ്രനാഥ് ഇന്ന് (25) ഉദ്ഘാടനം ചെയ്യും**

നൂറാം വാർഷികത്തിലേക്കുകടന്ന കോട്ടാങ്ങൽ ഗവൺമെന്റ് എൽ.പി സ്കൂളിന്റെ ഒരു വർഷം നീ ു നിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം ഇന്ന് (25) വൈകിട്ട് നാലിന് കോട്ടാങ്ങൽ ജംഗ്ഷനിൽ വിദ്യാഭ്യാസ വകുപ്പു മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവഹിക്കും. പൊതു സമ്മേളനം ആന്റോ ആന്റണി എം.പി ഉദ്ഘാടനം ചെയ്യും. രാജു

എബ്രഹാം എം.എൽ.എ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി മുഖ്യ പ്രഭാഷണം നടത്തും.

ഇതിനോട് അനുബന്ധിച്ച് നടക്കുന്ന ശതാബ്ദി സ്മാരക ശിലാസ്ഥാപനം സ്കൂൾ അങ്കണത്തിൽ ഉച്ചകഴിഞ്ഞ് 3.30ന് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവഹിക്കും. കോട്ടാങ്ങൽ ജംഗ്ഷനിലേക്ക് ശതാബ്ദി ആഘോഷ വിളംബര ഘോഷയാത്ര നടക്കും. ത്രിതല പഞ്ചായത്ത് അംഗങ്ങൾ, സാമൂഹ്യ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പ്രസംഗിക്കും.

(പിഎൻപി 828/2020)

## ആർ.കെ.എൽ.എസ് വായ്പ പലിശ: ജില്ലാതല വിതരണോദ്ഘാടനം ഇന്ന് (25)വനം വകുപ്പ് മന്ത്രി അഡ്വ. കെ.രാജു നിർവഹിക്കും

പ്രളയ ബാധിതരുടെ വായ്പയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന പലിശയുടെ ജില്ലാതല വിതരണോദ്ഘാടനം ഇന്ന് (25) ഉച്ചയ്ക്ക് മൂന്നിന് പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിൽ വനം വകുപ്പ് മന്ത്രി അഡ്വ. കെ.രാജു ഉദ്ഘാടനം നിർവഹിക്കും. വീണാ ജോർജ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എം.എൽ.എ മാരായ മാത്യു ടി. തോമസ്, രാജു എബ്രഹാം, ചിറ്റയം ഗോപകുമാർ, അഡ്വ. കെ.യു. ജനീഷ് കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി, പത്തനംതിട്ട മുൻസിപ്പൽ ചെയർപേഴ്സൺ റോസ്ലിൻ സന്തോഷ്, വാർഡ് കൗൺസിലർ പി.കെ. ജേക്കബ് എന്നിവർ പങ്കെടുക്കും.

ദുരന്തത്തിന്റെ ആഘാതത്തിൽ പകച്ചുപോയ ജനതയ്ക്ക് തങ്ങളുടെ ജീവിതവും ജീവനോപാധികളും തിരിച്ച് പിടിക്കുന്നതിനുള്ള കൈതാങ്ങ് നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ കുടുംബശ്രീ വഴി നടപ്പിലാക്കിയ പദ്ധതിയാണ് റീസർജന്റ് കേരള ലോൺ സ്കീം.പ്രളയ ബാധിതർക്ക് ഒറ്റത്തവണ സമാശ്വാസമായി 10,000 രൂപ ലഭിച്ചവർക്കാണ് വീട്ടുപകരണങ്ങളും ഗാർഹിക ഉപകരണങ്ങളും വാങ്ങുന്നതിനും ജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി അവരെ കുടുംബശ്രീ അംഗമാക്കി ഒരു കുടുംബശ്രീ അംഗത്തിന് പരമാവധി 1,00,000 രൂപ വരെ പലിശ രഹിത വായ്പ ഈ പദ്ധതി വഴി നൽകിയത്. ഈ വായ്പ അയൽക്കൂട്ടങ്ങൾ വഴിയാണ് ബാങ്കിൽ നിന്നും ലഭ്യമാക്കിയത്. 36 മുതൽ 48 വരെ മാസം കൊ ് ഒൻപത് ശതമാനം പലിശ സഹിതം വായ്പ തുക തിരിച്ചടയ്ക്കുകയും വായ്പയുടെ മുഴുവൻ പലിശയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. പത്തനംതിട്ട ജില്ലയിൽ പ്രളയബാധിത അയൽക്കൂട്ടങ്ങൾക്ക് 124.26 കോടി രൂപ വായ്പ ലഭ്യമായി. 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പലിശ ഇനത്തിൽ നൽകേ 9,25,60,844 രൂപയാണ് ഇപ്പോൾ അയൽക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യുന്നത്.

(പിഎൻപി 829/2020)

## വികസന പദ്ധതി വർക്ക്ഷോപ്പ് ഇന്ന് (25)

കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 2020 -21 വർഷത്തെ വികസന പദ്ധതി പ്രവർത്തനങ്ങളുടെ വർക്ക്ഷോപ്പ് ഇന്ന് (25) ഉച്ചയ്ക്ക് ര ിന് കോന്നി ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കും. സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് ചെയർമാനും സംസ്ഥാന പ്ലാനിങ് ബോർഡ് മെമ്പറുമായ ഡോ. കെ.എൻ

ഹരിലാൽ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ തുടങ്ങിയവർ പങ്കെടുക്കും

(പിഎൻപി 830/2020)

## വായ്പ കുടിശിക: ഇളവ് അനുവദിക്കും

പട്ടികജാതി പട്ടിക വർഗ വികസന കോർപറേഷനിൽ നിന്നും വായ്പ എടുത്ത് കുടിശിക യായി റവന്യൂ റിക്കവറി നേരിടുന്ന ഗുണഭോക്താക്കൾക്ക് കുടിശിക ഒറ്റതവണയായി അടച്ചു തീർക്കുമ്പോൾ നാല് ശതമാനം റവന്യൂ റിക്കവറി ചാർജിനത്തിൽ ഇളവ് ലഭിക്കും. കൂടാതെ ര ് ശതമാനം പിഴപലിശയും ഇളവ് നൽകും. നോട്ടീസ് ചാർജും ഈടാക്കില്ല. 2019 നവംബർ 15 മുതൽ 2020 മാർച്ച് 31 വരെ ഈ ആനുകൂല്യം ഗുണഭോക്താ ക്കൾക്ക് ലഭ്യമാക്കുന്നതിനായി ജില്ലാ/ സബ് ജില്ലാ ഓഫീസുകളിൽ സൗകര്യം ഏർപ്പെടുത്തി യിട്ടു ്. ഫോൺ: 04734 253381.

(പിഎൻപി 831/2020)

## ബ്ലോക്കുതല അയൽപക്ക യുവജന പാർലമെന്റ് സംഘടിപ്പിച്ചു

പത്തനംതിട്ട നെഹ്റു യുവകേന്ദ്രയും അന്ത്യാളൻകാവ് ദേശാഭിവൃദ്ധിനി യൂത്ത് ക്ലബും സംയുക്തമായി നടത്തിയ ബ്ലോക്കുതല അയൽപക്ക യുവജന പാർലമെന്റ് ദേശാഭിവൃദ്ധി നി സെമിനാർ ഹാളിൽ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം ഉദ് ഘാടനം ചെയ്തു. നെഹ്റു യുവകേന്ദ്ര കേരള സംസ്ഥാന ഡെപ്യൂട്ടി ഡയറക്ടർ എൻ.എ സ് മനോരഞ്ചൻ മുഖ്യാതിഥി ആയിരുന്നു. നാളത്തെ കേരളം ലഹരി വിമുക്ത കേരളം എന്ന വിഷയത്തിൽ റാന്നി ഡിവിഷൻ എക്സൈസ് സബ് ഇൻസ്പെക്ടർ ജിജി ഐപ്പ് മാത്യുവും മാറുന്ന ജിവിത ശൈലിയും രോഗങ്ങളും എന്ന വിഷയത്തിൽ ലീലാ ദാസും വിഷയാവത രണം നടത്തി. നെഹ്റു യുവകേന്ദ്ര ജില്ലാ കോ-ഓർഡിനേറ്റർ സന്ദീപ് കൃഷ്ണൻ, ഗ്രന്ഥശാ ലാ പ്രസിഡന്റ് എ.റ്റി മത്തായി, സെക്രട്ടറി എം.ജിഷ്ണു, വൈസ് പ്രസിഡന്റ് ഏലിയാമ്മ മാ ത്യു, പൗരസമിതി പ്രസിഡന്റ് തോമസ് മാത്യു, ജോയിന്റ് സെക്രട്ടറി ഷാജി മഠത്തിലേത്ത്, യൂ ത്ത് ക്ലബ് സെക്രട്ടറി ജെറിൻ തോമസ്, പ്രസിഡന്റ് എയ്ഞ്ചൽ പി. സന്തോഷ്, ട്രഷറർ ജോബി എബ്രഹാം എന്നിവർ സംസാരിച്ചു.

(പിഎൻപി 832/2020)

## സെൻസസ് 2021; ഒന്നാംഘട്ട പരിശീലനം ഇന്നുമുതൽ (25)

സെൻസസ് 2021 മായി ബന്ധപ്പെട്ട ഒന്നാംഘട്ട പരിശീലനം ബന്ധപ്പെട്ട ചാർജുള്ള ജില്ലാ ഓഫീസർമാർക്കും, ചാർജ് ഓഫീസർമാർക്കും (തഹസിൽദാർ & മുൻസിപ്പൽ സെക്രട്ടറിമാർ) ചാർജ് ഓഫീസർമാരുടെ സെൻസസ് കൈകാര്യം ചെയ്യുന്ന ക്ലർക്കുമാർക്കുമുള്ള ട്രെയിനിംഗ് ഇന്നും(25) നാളെയുമായി (26) രാവിലെ 9.45 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ട്രെയിനിംഗിൽ ജില്ലാ ഓഫീസർമാരും ചാർജ് ഓഫീസർമാരും ചാർജ് ഓഫീസർമാരുടെ സെൻസസ് ക്ലർക്കുമാരും കൃത്യമായി പങ്കെടുക്കണം. ചാർജ് ഓഫീസർമാർ ലാപ്ടോപ്പുമായി പരിശീലനത്തിന് ഹാജരാകണമെന്നും ഡെപ്യൂട്ടി കളക്ടർ (ജനറൽ) അറിയിച്ചു.

(പിഎൻപി 833/2020)

## ഭിന്നശേഷിക്കാർക്കായി സഹായ ഉപകരണ നിർണയവും സ്മാർട്ട്ഫോൺ മുച്ചക്രവാഹനവിതരണവും

സംസ്ഥാന വികലാംഗക്ഷേമ കോർപറേഷനും വനിതാശിശുവികസന വകുപ്പും കേരള സാമൂഹ്യസുരക്ഷാമിഷനും ആറന്മുള നിയോജകമണ്ഡലത്തിലെ തെരെഞ്ഞെടുത്ത ഭിന്നശേഷിക്കാർക്കായി വിപുലമായ സഹായ ഉപകരണ നിർണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും വിവിധ ഐ.സി.ഡി.എസുകൾ മുഖേന സ്വീകരിച്ചിട്ടുള്ള 350 അപേക്ഷകർക്കാണ് ഉപകരണ നിർണയം നടത്തുന്നത്. മാർച്ച് ഒന്നിന് രാവിലെ എട്ട് മുതൽ കോഴഞ്ചേരി മാർത്തോമാ സീനിയർ സെക്കൻഡറി സ്കൂളിൽ നട ക്കുന്ന ക്യാമ്പിന്റെ ഉദ്ഘാടനം വീണാ ജോർജ് എം.എൽ.എ നിർവഹിക്കും. ക്യാമ്പിൽ ഓർത്തോ, പി.എം.ആർ, ഇ.എൻ.റ്റി, സൈക്യാട്രി വിഭാഗം ഡോക്ടർമാർ അപേക്ഷകരെ പരിശോധിച്ച് ശുപാർശ ചെയ്യുന്ന വീൽചെയർ ക്രെച്ചസ്, വാക്കിംഗ് സ്റ്റിക്, ശ്രവണ സഹായികൾ തുടങ്ങിയ നൂറോളം ഉപകരണങ്ങളും കൃത്രിമ കൈകാലുകളും ഒരു മാസത്തിനകം നിർമ്മിച്ച് വിതരണം ചെയ്യും. വികലാംഗക്ഷേമ കോർപറേഷൻ സംസ്ഥാനത്ത് 1000 കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോൺ വിതരണം ചെയ്യും. ക്യാമ്പിൽ മുച്ചക്ര വാഹനങ്ങൾ ഇലക്ട്രോണിക് വീൽചെയർ എന്നിവയുടെ വിതരണവും നടത്തും. വികലാംഗ ക്ഷേമ കോർപറേഷൻ ചെയർമാൻ അഡ്വ.പരശുവയ്ക്കൽ മോഹനൻ അധ്യക്ഷനാകുന്ന ചട ങ്ങിൽ ജില്ലാ കളക്ടർ പി.ബി നൂഹ് ജനപ്രതിനിധികളും മറ്റ് പ്രമുഖരും പങ്കെടുക്കും. അപേക്ഷ സമർപ്പിച്ചവർ എട്ടിന് മുമ്പായി കോഴഞ്ചേരി മാർത്തോമ്മ സീനിയർ സെക്കൻഡറി സ്കൂളിൽ എത്തിച്ചേരണമെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് . ഫോൺ – 0468 2329053.

(പിഎൻപി 834/2020)






.